കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് - 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വികസനം(പ്രൊജക്റ്റ് നമ്പർ 119/19) - എൽ.സി.ഡി. പ്രോജക്ടറുകൾ വാങ്ങി നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 439/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 26.02.2019

---

പരാമർശം :- 1. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.10.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019-ലെ 4.26 നമ്പർ തീരുമാനം .

## ഉത്തരവ്

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ ഗ്രന്ഥശാലകളുടെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള രണ്ടു വായനശാലകൾക്ക് തനത് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ച് എൽ.സി.ഡി. പ്രോജക്ടറുകൾ വാങ്ങി നൽകി. പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്നു സംബന്ധിച്ച് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിന്റെ (പ്രൊജക്റ്റ് നമ്പർ 119/19) ഭാഗമായി ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള രണ്ടു വായനശാലകൾക്ക് തനത് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ച് എൽസി.ഡി. പ്രോജക്ടറുകൾ വാങ്ങി നൽകിയ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ